Malappuram District Police

## 08/01/2018 കാളികാവ്

ഒറ്റയക്ക ലോട്ടറി ചൂതാട്ടം കണ്ടെത്തുന്നതിന് കാളികാവിൽ പോലീസ് നടത്തിയ പരിശോധനയില് രണ്ടുപേരെ പിടികൂടി. കേരള ഭാഗ്യക്കുറിയുടെ ഫലത്തിന്റെ മറപിടിച്ച് ചൂതാട്ടം നടത്തുന്ന കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്. 10 രൂപയ്ക്കുമുതൽ ചൂതാട്ടം നടത്താനുള്ള സൗകര്യമുള്ളതിനാൽ നിരവധിപേരാണ് കെണിയിലകപ്പെടുന്നത്. മലയോരത്തെ പ്രധാന ലോട്ടറി കടകളുടെ മറവിൽ ലക്ഷങ്ങളുടെ ചൂതാട്ടമാണ് നടക്കുന്നത്. രണ്ടു കടകളിലാണ് പോലീസ് തിരച്ചിൽ നടത്തിയത്.

മേലെ കാളികാവിലെ കുന്നുമ്മല് നൂറുസ്സമാന് (32), കാവനൂർ വാക്കാലൂര് സ്വദേശി പടിഞ്ഞാറെ കളത്തില് ഉണ്ണികൃഷ്ണൻ (38) എന്നിവരാണ് പിടിയിലായത്.

കാളികാവ് എസ്.ഐ. എം.സി. പ്രമോദ് സ്പെഷല് ബ്രാഞ്ച് എ.എസ്. ഐ ശശികുമാർ, സിവില് പോലീസ് ഓഫീസർ രാരീഷ് എന്നിവര് ചേർന്നാണ് കടകളില് പരിശോധന നടത്തിയത്.